**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** — **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള കർമ്മപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭാഷാപരമായ വ്യതിയാനങ്ങൾ മൂലം മലയാള ഭാഷയിൽ പഠിക്കുന്നതിനുള്ള ആദിവാസി കുട്ടികളുടെ വിമുഖത അവരുടെ വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോകലിന് കാരണമാകുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭാഷാപരമായ വ്യതിയാനങ്ങൾ മൂലം മലയാള ഭാഷ പഠിക്കുന്നതിനുള്ള ആദിവാസി കുട്ടികളുടെ വിമുഖത അവരുടെ വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞു പോകലിന് കാരണമാകുന്നില്ല. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നത് ലക്ഷ്യം വെച്ച് സ്കൂളിൽ നിന്നും ഉന്നതികളിൽ തിരികെ എത്തുന്ന കുട്ടികൾക്ക് പഠന സൗകര്യവും ലഘു ഭക്ഷണവും ഒരുക്കുന്നതിനായി സാമൂഹ്യ പഠനമുറി പദ്ധതിയും വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞു പോക്ക് തടയുക, ഭാഷാ പ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്ര ബന്ധു പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഇവർ കുട്ടികളുടെ തനത് ഗോത്ര ഭാഷയിൽ പാഠ്യ ഭാഗങ്ങൾ വിവരിച്ചു നൽകുന്നുണ്ട്.** |
| (ബി) | പഠനം ഗോത്രഭാഷാ സൗഹൃദമാക്കി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനും വിദ്യാഭ്യാസം നേടിയാൽ ജീവിത നിലവാരം മെച്ചപ്പെടുമെന്നത് അവരെ ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | പഠനം ഗോത്രഭാഷാ സൗഹൃദമാക്കി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനും ഭാഷാ പ്രശ്നങ്ങൾ പരിഹരിച്ച് വിദ്യാഭ്യാസം നേടിയാൽ ജീവിത നിലവാരം മെച്ചപ്പെടുമെന്നത് അവരെ ബോധ്യപ്പെടുത്തുന്നതിലേക്കുമായി സർക്കാർ/ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്ര ബന്ധു പദ്ധതി നടപ്പിലാക്കുന്നുണ്ട്. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഇവർ കുട്ടികളുടെ തനത് ഗോത്ര ഭാഷയിൽ പാഠ്യ ഭാഗങ്ങൾ വിവരിച്ചു നൽകുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിന് കീഴിൽ 22 |

| | | | |
|---|---|---|---|
| | | | മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 120 ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. ഇവിടുത്തെ വിദ്യാർത്ഥികളെ ഓരോ ഘട്ടത്തിലും അവലോകനം നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി റെമഡിയൽ ക്ലാസുകൾ നടത്തി വരുന്നു. എം.ആർ.എസ്. സ്കൂളുകളിൽ ഗണിത പഠനം, ശാസ്ത്ര പഠനം ഇവയിൽ അടിസ്ഥാനം നൽകുന്നതിനായി K DISC മായി സഹകരിച്ച മഞ്ചാടി, മഴവിൽ പദ്ധതികൾ നടത്തി വരുന്നു. കൂടാതെ 2025 ലെ വേനൽ അവധി കാലയളവിൽ വിദ്യാർത്ഥികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുക, പഠന നിലവാരം അവലോകനം ചെയ്യുക, കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുക എന്നീ ഉദ്ദേശത്തോടെ പട്ടികവർഗ്ഗ ഉന്നതികളോട് ചേർന്ന് പ്രവർത്തിക്കുന്ന സാമൂഹ്യ പഠനമുറികളിൽ പഠനോത്സവം എന്ന പരിപാടിയും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സാമൂഹിക പഠന മുറികൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ച് കരിയർ ഡെവലപ്മെന്റ് ക്ലാസ്സുകളും നടത്തി വരുന്നു.<br><br>കൂടാതെ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ മെച്ചപ്പെടുത്തുന്ന-തിന് വേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പും പ്ലാനിംഗ് ബോർഡും ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കി കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ തലത്തിൽ കമ്മറ്റികൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ